**അടിയന്തരപ്രമേയം**

മി. സ്പീക്കർ: റൂൾ 50 പ്രകാരം രണ്ട് നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. ഒന്ന്, ശ്രീ. ഒ. രാജഗോപാലിന്റേതും മറ്റൊന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ രണ്ട് അംഗങ്ങൾ ഒപ്പിട്ടതുമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. എം. ഷാജി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയതാണ് ചെയർ സ്വീകരിക്കുന്നത്.

വിജിലൻസ് ഡി.ജി.പി.-യുടെ ഫോൺ ചോർത്തുകയും ഇ-മെയിൽ ഹാക്ക് ചെയ്യുകയും ചെയ്തതായി ആക്ഷേപം വിജിലൻസ് മേധാവി തന്നെ പോലീസിനെതിരെ ഉന്നയിച്ചിരിക്കുന്നതായി എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരെ ഗവൺമെന്റിന് വിശ്വാസമില്ലെന്നതിന്റെ സൂചനയാണിത്. ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഇടയിലെ ശീതസമരവും കുടിപ്പകയും ഗവൺമെന്റിന്റെയും പോലീസിന്റെയും വിശ്വസ്തതയ്ക്ക് മങ്ങലേൽപ്പിച്ചിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. എം. ഷാജി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## ഫോൺ ചോർത്തൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിക്കപ്പെട്ട തരത്തിലുള്ള ഒരു ആരോപണവും വിജിലൻസ് ഡയറക്ടർ ഉന്നയിച്ചിട്ടില്ല. തന്റെ ഫോൺ, ഇ-മെയിൽ സന്ദേശങ്ങൾ തുടങ്ങിയവ ചോർത്തുന്നതായി വന്ന ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെടുത്തുകയും അത് മുൻനിർത്തിയുള്ള ആശങ്ക സർക്കാരിനെ അറിയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പത്ര റിപ്പോർട്ടിൽ പറയുന്ന കാര്യം സത്യമാണെങ്കിൽ നടപടിയുണ്ടാകണമെന്ന് മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ. പത്രവാർത്ത വന്നാൽ സാധാരണ ഏതൊരാൾക്കുമുണ്ടാകാവുന്ന ആശങ്ക മാത്രമേ അദ്ദേഹവും പ്രകടിപ്പിച്ചിട്ടുള്ളൂ. അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിക്കപ്പെട്ട കത്ത് വിജിലൻസ് ഡി.ജി.പി.-യിൽ നിന്ന് കിട്ടിയിട്ടുണ്ട്. എന്നാൽ കത്തിൽ പറയുന്ന വിധത്തിലുള്ള യാതൊരു നിരീക്ഷണത്തിനും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആരെങ്കിലും അനുമതി ചോദിക്കുകയോ അവർ അനുമതി നൽകുകയോ ഉണ്ടായിട്ടില്ല. മറിച്ചുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണ്. രാഷ്ട്രീയ നേതാക്കളുടെയോ ഉദ്യോഗസ്ഥരുടെയോ ഫോൺ, ഇ-മെയിൽ തുടങ്ങിയവ ചോർത്തൽ ഈ സർക്കാരിന്റെ നയമേയല്ല. ഇന്ത്യൻ ടെലഗ്രാഫ് ആക്ട് വകുപ്പ് 5(2) പ്രകാരം

രാഷ്ട്രത്തിന്റെ സുരക്ഷാ ആവശ്യത്തിനോ രാജ്യത്തിന്റെ അഖണ്ഡതയ്ക്കോ അത്യാവശ്യഘട്ടങ്ങളിൽ കുറ്റകൃത്യം തടയുന്നതിനോ സർക്കാരിന്റെ അനുവാദത്തോടുകൂടി മാത്രം ടെലിഫോൺ വഴി നടക്കുന്ന സംഭാഷണങ്ങളും സന്ദേശങ്ങളും നിരീക്ഷിക്കാവുന്നതാണ്. ഇന്ത്യൻ ടെലഗ്രാഫ് അമന്റ്മെന്റ് റൂൾ 2007 പ്രകാരം സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ സെക്രട്ടറിമാർക്കാണ് ഇതിനുള്ള അംഗീകാരം നൽകാവുന്നത്. എന്നാൽ മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള സാഹചര്യങ്ങളിൽ സംസ്ഥാനങ്ങളിൽ ഐ.ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് ഇത് നിരീക്ഷിക്കാവുന്നതും മൂന്നുദിവസത്തിനകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും ഏഴു ദിവസത്തിനകം ഇതിന്റെ ഉത്തരവ് സംസ്ഥാന ആഭ്യന്തര സെക്രട്ടറിയിൽ നിന്നും വാങ്ങേണ്ടതു മാണ്. ഇന്ത്യൻ ടെലഗ്രാഫ് ആക്ട് സെക്ഷൻ 7 അനുസരിച്ച് നിയമപരമായല്ലാതെ നടത്തുന്ന ടെലഫോൺ നിരീക്ഷണങ്ങൾ കുറ്റകൃത്യമായാണ് കണക്കാക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2008-ലെ 69, 69(A), 69(B) എന്നീ വകുപ്പുകൾ പ്രകാരം സർക്കാരിനോ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥർക്കോ രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി കമ്പ്യൂട്ടർ വഴി ലഭ്യമാകുന്ന ഏതു വിവരവും നിരീക്ഷിക്കാനുള്ള അധികാരം നൽകുന്നുണ്ട്. ഈ

നിയമവ്യവസ്ഥകൾ അനുസരിച്ച്, വിജിലൻസ് ഡി.ജി.പി.-യെ സംബന്ധിച്ച് ഒരു അപേക്ഷ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭിക്കുകയോ അനുമതി നൽകുകയോ ഉണ്ടായിട്ടില്ല. സർക്കാരിന്റെ നിലപാടിനും നിയമവ്യവസ്ഥയ്ക്കും വിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. എന്നിരുന്നാലും വിജിലൻസ് ഡി.ജി.പി.-യുടെ കത്ത് മുൻനിർത്തി ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതാണ്. ഇതിന് ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഴിമതിക്കെതിരായി കർക്കശമായി നീങ്ങുന്നതിന് വിജിലൻസിനുള്ള സ്വാതന്ത്ര്യത്തെ ബാധിക്കുന്ന ഒരു നടപടിയും ഒരു ഭാഗത്തു നിന്നുമുണ്ടാകുന്നത് അനുവദിക്കില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിവിടെ പറഞ്ഞിരിക്കുന്നത് അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല, മാധ്യമങ്ങളിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡി.ജി.പി. ശ്രീ. ജേക്കബ് തോമസ് കൊടുത്ത ഒരു പെറ്റീഷനാണെന്നാണ്. തന്റെ ഫോണും ഇ-മെയിലും ചോർത്തുന്നുവെന്ന് ആരോപിച്ച് വിജിലൻസ് ഡയറക്ടർ ശ്രീ. ജേക്കബ് തോമസ് പോലീസ് മേധാവിക്ക് നൽകിയ കത്തിൽ ഉന്നതതല അന്വേഷണം നടത്തുമെന്ന് ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റ തന്നെ പറഞ്ഞിരിക്കുകയാണ്. ഇത്

മലയാള മനോരമ പത്രത്തിൽ വന്നതാണ്. അന്വേഷിച്ച് നടപടിയെടുക്കുമെന്ന് അതിന്റെ പിറ്റേദിവസം തന്നെ ഡി.ജി.പി. പറഞ്ഞിരിക്കുകയാണ്. ഡി.ജി.പി.-ക്ക് ഇത് അന്വേഷിക്കാനുള്ള അധികാരമുണ്ടോ ഇല്ലയോ എന്നുള്ളത് രണ്ടാമത്തെ പ്രശ്നമാണ്. ഞാൻ അതിലേയ്ക്ക് വരാം. പക്ഷേ ഇവിടെ ഇങ്ങനെയൊരു പരാതി മാധ്യമങ്ങളിൽ കണ്ടു, മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ ഒരു പെറ്റീഷൻ കൊടുത്തുവെന്നാണ് പറഞ്ഞത്. മാധ്യമവാർത്തയുടെ പേരിലല്ല, അങ്ങനെയാണെങ്കിൽ ഈ മാധ്യമം ഇന്നതാണ് എന്ന് അദ്ദേഹം പറയണം. അദ്ദേഹം പറയാത്തിടത്തോളം കാലം മാധ്യമവാർത്ത എന്നുള്ള നിഗമനത്തിലെത്താൻ നമുക്ക് കഴിയില്ല. അദ്ദേഹത്തിന്റെ ടെലഫോൺ ചോർത്തുന്നുവെന്ന് പറഞ്ഞ് പെറ്റീഷൻ ഡി.ജി.പി.-ക്ക് കൊടുത്തു, ഡി.ജി.പി. അതിനുമുകളിൽ അന്വേഷണം ആരംഭിച്ചുവെന്ന് പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. നമ്മൾ ഈ സംസാരിക്കുന്ന നിമിഷം വരെ ഡി.ജി.പി. അത് നിഷേധിച്ചിട്ടുമില്ല. ഇവിടെ അതീവഗൗരവതരമായ ഒരു സാഹചര്യത്തിലൂടെയാണ് സംസ്ഥാനം പോകുന്നത്. ഏറ്റവും വലിയ കറുത്ത ദിനങ്ങളിലൂടെ സംസ്ഥാനം പോകുന്നുവെന്ന് പറയാതിരിക്കാൻ കഴിയില്ല. 54000 പോലീസ് 5000 നിലപാടുകളാണ് എടുക്കുന്നത്. പോലീസിന്റെ തലപ്പത്ത് അന്യോന്യം പാരവയ്പ്പും അതോടൊപ്പം

തന്നെ പരസ്പരമായ വിശ്വാസമില്ലായ്മയും നടക്കുകയാണ്. അതാണ് സംസ്ഥാനത്തെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. കേരള സർവ്വീസിൽ വിജിലൻസിന്റെ ഡി.ജി.പി., ഈ റാങ്കിലെ രണ്ടാമത്തെയാളാണ്. മൂന്നാമത്തെയാളാണ് ഇപ്പോൾ ലോ ആന്റ് ഓർഡറിന്റെ ചാർജ്ജുള്ള ശ്രീ. ലോക്നാഥ് ബെഹ്റ. രണ്ടാമൻ കൊടുത്തിരിക്കുന്ന പെറ്റീഷനെക്കുറിച്ച് മൂന്നാമൻ അന്വേഷിക്കുന്നുവെന്നാണ് ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അങ്ങനെ ഒരു സിസ്റ്റമില്ല. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഇന്ത്യൻ ടെലികോം ആക്ടിന്റെ അടിസ്ഥാനത്തിലുള്ള നിയമനടപടികളാണുണ്ടാകേണ്ടത്. ഒരു ഫോൺ ചോർത്തണമെങ്കിൽ അതിന് ചില നടപടികളുണ്ട്. ആ നടപടികൾ അങ്ങ് ഇവിടെ സൂചിപ്പിച്ചതു തന്നെയാണ്. ഐ.ജി.-യിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥന് ഇന്റലിജൻസ് എ.ഡി.ജി.പി. വഴി ഡി.ജി.പി. അല്ലെങ്കിൽ ആഭ്യന്തര സെക്രട്ടറിക്ക് കൊടുത്ത് ആഭ്യന്തര സെക്രട്ടറി ഇറക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇന്റർസെപ്റ്റ് ചെയ്യാനോ നിരീക്ഷിക്കാനോ സാധ്യമാകുകയുള്ളൂ. അതല്ലാതെ ചെയ്യുന്നതൊക്കെ നിയമവിരുദ്ധമാണ്. അങ്ങിവിടെ സൂചിപ്പിച്ചതനുസരിച്ച് ശ്രീ. ജേക്കബ് തോമസിന്റെ ഫോൺ ചോർത്താൻ അങ്ങനെയൊരു പെറ്റീഷൻ കൊടുത്തിട്ടില്ല,

അതിനുവേണ്ടി ഒരു ഓർഡർ കൊടുത്തിട്ടില്ല. ഓർഡർ കൊടുത്തിട്ടില്ലായെങ്കിൽ അങ്ങനെ ചോർത്തിയിരിക്കുന്നത് വളരെ ഗുരുതരമാണെന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല. അങ്ങനെയുണ്ടെങ്കിൽ ഒരു ഗൂഢാലോചന നടന്നിട്ടുണ്ടാകണം. അദ്ദേഹത്തിന്റെ ടെലഫോൺ ചോർത്തണമെന്നുള്ള നിർബന്ധ ബുദ്ധിയോടുകൂടി ഗൂഢാലോചന നടത്തിയതാര്? ശ്രീ. ജേക്കബ് തോമസ് ഇവിടെ പ്രതിക്കൂട്ടിൽ നിർത്തിയിട്ടുള്ളത് ഈ ഗവൺമെന്റിനെ; ആഭ്യന്തര വകുപ്പിനെയാണ്. വളഞ്ഞുകെട്ടി പറഞ്ഞാൽ അങ്ങയെതന്നെ ഇതിലേയ്ക്ക് കൊണ്ടുവരികയാണ്. അല്ലെങ്കിൽ സത്യം പുറത്ത് വരണം. ഇവിടെ ശ്രീ. ജേക്കബ് തോമസിന്റെ കൈയിലുള്ളത് ബി.എസ്.എൻ.എൽ. ഫോണാണ്. ബി.എസ്.എൻ.എൽ.-ന്റെ ഒരു ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നുണ്ടോ എന്നറിയണമെങ്കിൽ സർവ്വീസ് പ്രൊവൈഡറെ ചോദ്യം ചെയ്യേണ്ടി വരും. അത് ചെയ്യണമെങ്കിൽ ആ സർവ്വീസ് പ്രൊവൈഡർ ഇന്റർസെപ്റ്റ് ചെയ്ത മാർഗ്ഗം നോക്കണം, അവരുടെ സെർവ്വർ പരിശോധിക്കണം. ബി.എസ്.എൻ.എൽ.-ന്റെ സെർവർ പരിശോധിക്കാൻ ആർക്കാണ് അധികാരം? അതിനുള്ള അധികാരം ഇന്ത്യാ ഗവൺമെന്റിന്റെ ഐ.ബി. ക്കേയുള്ളൂ, അല്ലാതെ മറ്റാർക്കും പരിശോധിക്കാൻ കഴിയില്ല. ഡി.ജി.പി. നടത്തുന്നുവെന്ന് പറയുന്ന പരിശോധന

യഥാർത്ഥത്തിൽ കണ്ണിൽ പൊടിയിടുന്നതിന് മാത്രമാണ്. ഈ അന്വേഷണം മുകളിലേയ്ക്ക് പോകണം. ആരൊക്കെയാണ് ഇതിന്റെ ഉത്തരവാദികൾ എന്നുള്ളതിനെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ഇവിടെ പോലീസിന് പോലും രക്ഷയില്ല. തീക്കട്ടയിൽ ഉറുമ്പരിച്ചാൽ പിന്നെ ഈ നാട്ടിൽ ആർക്കാണ് ജീവിക്കാൻ കഴിയുക? ഇതാണോ ഈ സംസ്ഥാനത്തെ മൂന്നരക്കോടി ജനങ്ങൾക്ക് സംരക്ഷണം കൊടുക്കുന്ന ഒരു ഗവൺമെന്റ് ചെയ്യേണ്ടത്. ഏറ്റവും ഗൗരവതരമായ രൂപത്തിൽ ഇത് എത്തിയിരിക്കുകയാണ്. അതുകൊണ്ട് ഒരു കാരണവശാലും ഇത് ഈ സമൂഹം അംഗീകരിക്കുന്ന പ്രശ്നമേയില്ല. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ, പോലീസിനകത്തെ അന്യോന്യമുള്ള ഐക്യം തകർന്നു. പരസ്പരമുള്ള വിശ്വാസമില്ലായ്മയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അതീവ ഗുരുതരമായ ഒരു സാഹചര്യത്തിലേയ്ക്ക് സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ ലോ ആന്റ് ഓർഡർ സിറ്റുവേഷൻ ഏത് രൂപത്തിൽ പോകുന്നുവെന്ന് ഞാൻ പറയുന്നില്ല. എന്റെ കയ്യിൽ ഒരു കത്തുണ്ട്. ഇത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ജീവന് ഭീഷണിപ്പെടുത്തികൊണ്ടുള്ളതാണ്. അതിൽ തന്നിട്ടുള്ള ഒരു വാചകം ഞാൻ വായിക്കാം. “ Don't rubbish about Mohammad Nisham or I will kill you or

one of your family member-" Don Ravi Poojari. പ്രതിപക്ഷ നേതാവ് നിയമസഭയിൽ നടത്തിയ പ്രസംഗത്തിന് അദ്ദേഹത്തെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി നോട്ടീസ് കൊടുത്തിരിക്കുകയാണ്. ഇവിടെ ആർക്കും ഒന്നും പറയാൻ കഴിയില്ലേ; ആർക്കും അഭിപ്രായം രേഖപ്പെടുത്താൻ കഴിയില്ലേ; ഇത് ഏത് നാടാണ്; വെള്ളരിക്കാപട്ടണമാണോ? ഇവിടെ ആളുകൾക്ക് ജീവിക്കാനുള്ള സാഹചര്യം നിഷേധിക്കുകയല്ലേ. അതീവ ഗൗരവതരമായ രൂപത്തിലേയ്ക്ക് സംസ്ഥാനം വന്നെത്തിയിരിക്കുകയാണ്. ഈ തെറ്റായ പ്രവർത്തനത്തിന് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് അറിയണം. ഒന്നുകിൽ, മൂന്ന് ഓപ്ഷൻ ഇക്കാര്യത്തിലുണ്ട്. ശ്രീ. ജേക്കബ് തോമസിനെതിരെ ഗൂഢാലോചന നടത്തിയിട്ടുണ്ട്, ഉണ്ടെങ്കിൽ ഉന്നതതലങ്ങളിലായിരിക്കാം നടന്നിട്ടുള്ളത്. അല്ലെങ്കിൽ ശ്രീ. ജേക്കബ് തോമസിനെതിരായി ഇത് നോക്കിയിട്ടുള്ള പോലീസിൽ നിന്നുതന്നെയുള്ള ആളുകൾ ഗൂഢാലോചന നടത്തിയിട്ടുണ്ടാകാം. രണ്ടായാലും ഗൂഢാലോചന തന്നെയാണ്. അതിന്റെ ഉത്തരവാദികളെ കണ്ടെത്തേണ്ടേ; ഇതൊന്നുമല്ലായെങ്കിൽ ശ്രീ. ജേക്കബ് തോമസ് വെറുതെയൊരു കടലാസ് എഴുതി ഇവിടെയൊരു പബ്ലിസിറ്റിക്കുവേണ്ടി ശ്രമിക്കുകയായിരിക്കാം. ഈ മൂന്ന് ഓപ്ഷനല്ലാതെ മറ്റെന്തെങ്കിലും ഉണ്ടോ? അതുകൊണ്ട് സ്വാഭാവികമായും

കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഏറ്റവും സീനിയർ മോസ്റ്റായ ഡി.ജി.പി., അദ്ദേഹത്തിന്റെ ടെലഫോൺ സുരക്ഷിതമല്ലെന്നും അദ്ദേഹത്തിനെതിരായി ഗൂഢാലോചന നടത്തുന്നുവെന്നും അദ്ദേഹത്തിന് സുരക്ഷിതമായി ജോലി ചെയ്യാൻ കഴിയില്ലായെന്നുള്ള ആവലാതിക്കാരനായി വന്നുപെട്ട ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഇതുസംബന്ധിച്ച അന്വേഷണം ആർക്കാണ് കൊടുക്കേണ്ടത്? ഈ സംസ്ഥാനത്തെ അന്വേഷണം കൊണ്ട് നിൽക്കില്ല. ഇതിന്റെ സെർവർ പരിശോധിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് പോകണം. അങ്ങനെ പോകുന്നതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റിനോട് അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെടുത്താൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് ആവശ്യപ്പെടുകയാണ്. ജനങ്ങൾക്ക് അത് അറിയുന്നതിനുള്ള അവകാശമുണ്ട്. ജനങ്ങളുടെ ജീവനെ ബാധിക്കുന്ന പ്രശ്നമാണ്.

മി. സ്പീക്കർ: അങ്ങയുടെ നോട്ടീസ് അങ്ങ് വിശദീകരിച്ചുകഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് തൃപ്തിയായാൽ ഞാൻ നിർത്തിയേക്കാം.

മി. സ്പീക്കർ: തൃപ്തിയായി. വളരെ വ്യക്തമായി അങ്ങ് വിശദീകരിച്ചുകഴിഞ്ഞു. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അടിയന്തരപ്രമേയം ഉന്നയിക്കുന്ന സന്ദർഭത്തിൽ അസമയത്ത് അങ്ങയുടെ കമന്റ് എന്തിനാണ്? സഹിഷ്ണത കാണിക്കണം. അതാണ് പ്രധാനപ്പെട്ട പ്രശ്നം.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണമെന്ന് സൂചന നൽകിയതാണ്. അങ്ങേയ്ക്ക് സമയം ആയിത്തുടങ്ങി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ സമയം അങ്ങ് തീരുമാനിച്ചാൽ എനിക്ക് സന്തോഷം. ഇത് കേൾക്കുന്നതിന് എന്തിനാണ് അസഹിഷ്ണത. ഈ സംസ്ഥാനത്ത് ഇവിടെയല്ലാതെ എവിടെയാണ് പറയാൻ കഴിയുന്നത്. ഇത് മറ്റേതെങ്കിലും സ്ഥലത്ത് പറയാൻ പറ്റുമോ?

മി. സ്പീക്കർ: അതിനെ സംബന്ധിച്ചല്ല, അങ്ങയുടെ നോട്ടീസിനെ സംബന്ധിച്ച് പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ നോട്ടീസിനെക്കുറിച്ച് പറഞ്ഞപ്പോൾ അങ്ങാണ് interfere ചെയ്തത്. അങ്ങ് interfere ചെയ്തുകൊണ്ട് പറഞ്ഞു, അങ്ങേയ്ക്ക് സംതൃപ്തിയായെന്ന്. അങ്ങേയ്ക്ക് സംതൃപ്തിയായാൽ പിന്നെ ഗവൺമെന്റിനും കൂടി തൃപ്തിപ്പെട്ടാൽ മതി, എന്റെ പ്രശ്നം തീർന്നു. ഗവൺമെന്റിന് ഇഷ്ടപ്പെട്ടോയെന്ന് അങ്ങ് ചോദിക്കണ്ടേ; അങ്ങ് എന്നോട് വാദപ്രതിവാദത്തിന്

വരുന്നത് എന്തിനാണ്? ദയവായി സ്വതന്ത്രമായി പ്രതിപക്ഷ മെമ്പർക്ക് പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള അവകാശം അങ്ങ് പ്രൊട്ടക്ട് ചെയ്യണം.

മി. സ്പീക്കർ: ചെയർ സംസാരിക്കുന്നത് എല്ലാ അംഗങ്ങൾക്കും വേണ്ടിയാണെന്നുള്ളത് ദയവായി അങ്ങ് മനസ്സിലാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എല്ലാ അംഗങ്ങൾക്കുംവേണ്ടിയാണ് അങ്ങ് പറയുന്നതെങ്കിൽ എന്റെ കാര്യം കൂടി അങ്ങ് നോക്കണ്ടേ. എങ്കിലല്ലേ എല്ലാ അംഗങ്ങളുമാകൂ.

മി. സ്പീക്കർ: സമയനിഷ്ഠ എല്ലാ അംഗങ്ങളുംകൂടി തീരുമാനിച്ചതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒൻപത് മിനിട്ട് പോലും ആയിട്ടില്ല. ഞാൻ അങ്ങയോട് തർക്കിക്കാനില്ല. ഞാൻ എഴുന്നേൽക്കുമ്പോൾ എന്നും അങ്ങ് ഒരു തർക്കം കൊത്തികൊത്തി കൊണ്ടുവരുന്നുണ്ട്. ദയവായി ആ നിലപാട് വേണ്ട. ഒരു മെമ്പറുടെ അവകാശമുണ്ട്. ആ അവകാശം ഇവിടെ അടിയറവ് വച്ചുകൊണ്ട് പോകുന്ന പ്രശ്നമേയില്ല. അക്കാര്യത്തിൽ യാതൊരു തെറ്റിദ്ധാരണയും വേണ്ട. ഒരു മെമ്പറുടെ അവകാശമാണ്.

ഈ ഫോൺ ചോർത്തൽ ഇന്നത്തെ എല്ലാ മാധ്യമങ്ങളിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തയാണ്. കേരളത്തിലെ ജനങ്ങൾ ഭയവിഹ്വലരാണ്.

ഇവിടെയുള്ള ജനങ്ങൾക്ക് ഫോൺ പോലും നേരെ ഉപയോഗിക്കാൻ കഴിയില്ലായെന്നുള്ള തരത്തിൽ വന്നിരിക്കുകയാണ്. വളരെ സീരിയസായ സിറ്റുവേഷൻ ഈ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുണ്ട്. ആ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് നയം പറയണം, ജനങ്ങളുടെ സംശയം ദൂരീകരിക്കുന്നതിനുവേണ്ടി നിഷ്പക്ഷമായ അന്വേഷണം വേണം. ആ അന്വേഷണത്തിന് ഇതിന് അധികാരമുള്ള ആളുകളെ തന്നെ ചുമതലപ്പെടുത്തണം. ഐ.ബി.യെ കൊണ്ട് അന്വേഷിപ്പിച്ച് ഇതിന്റെ സത്യസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ തയ്യാറാകണം. അതുകൊണ്ട് സഭ നിർത്തിവച്ച് ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് മുതിരണം. ഈ സംസ്ഥാനത്തെ മൊത്തം ആളുകളെയും ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, സ്വതവേ ബഹുമാന്യനായ അംഗം കാര്യങ്ങൾ ഭംഗിയായി അവതരിപ്പിക്കുന്ന ആളാണെന്ന് സഭയ്ക്ക് പൊതുവിൽ അറിയാം. ഈ അടിയന്തരപ്രമേയാവതരണം ഇതിന്റെ പ്രത്യേകത കൊണ്ടുതന്നെയായിരിക്കണം ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനു തന്നെ.... അദ്ദേഹം നേരത്തെ ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്ന ആളാണല്ലോ. അപ്പോൾ ഇതിന്റെയൊരു പരിഹാസ്യത അറിയാവുന്നതുകൊണ്ട് എത്ര വാദിച്ചിട്ടും ഇതിന്റെ

കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നില്ലായെന്ന നിലയാണ് വന്നത്. അതാണ് അങ്ങ് ഒരു ചെറിയ കമന്റ് പറഞ്ഞപ്പോൾ അതിൽ അദ്ദേഹം കയറി പിടിക്കാൻ ഇടയായത്. ഇവിടെ പരാതിയില്ലായെന്നല്ല ഞാൻ പറഞ്ഞത്. ഞാൻ നേരത്തേ പറഞ്ഞത്, ശ്രീ. ജേക്കബ് തോമസിന്റെ ഫോണും ഇ-മെയിൽ സന്ദേശങ്ങളും മറ്റും ചോർത്തുന്നുവെന്നുള്ള പത്ര വാർത്ത ആദ്യം വന്നു. ആ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ ഭാഗമായി ആശങ്ക അറിയിക്കുന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. അതാണ് ഞാൻ നേരത്തേ മറുപടി പറയുമ്പോൾ പറഞ്ഞത്. അതല്ലാതെ ഒരു പരാതിയും അദ്ദേഹത്തിന് ഇല്ലായെന്നല്ല പറഞ്ഞത്. ഇവിടെ വളരെ വിചിത്രമായ ഒരു വാദം ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിക്കുകയുണ്ടായി. രണ്ടാമൻ കൊടുത്ത പെറ്റീഷൻ എങ്ങനെയാണ് മൂന്നാമൻ അന്വേഷിക്കുകയെന്നത്. അങ്ങനെയാണെങ്കിൽ എങ്ങനെയാണ് പെറ്റീഷൻ കൊടുക്കുന്നത്. ഇവിടെ അദ്ദേഹത്തിന് അറിയാത്തതുകൊണ്ടല്ല. കേരളത്തിന് ഒരു പോലീസ് ചീഫ് മാത്രമേയുള്ളൂ. ഡി.ജി.പി. റാങ്കിലുള്ളവർ പലരുമുണ്ടെന്ന് അങ്ങേയ്ക്കറിയാം. അങ്ങേയ്ക്ക് ശേഷം ഇനി സംസാരിക്കാൻ പോകുന്ന ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന പ്രതിപക്ഷ നേതാവിനും അറിയാം. കേരള സംസ്ഥാനത്തിന്റെ പോലീസ് ചീഫായി ഒരാൾ മാത്രമേയുള്ളൂ. അതുകൊണ്ടാണ്

അദ്ദേഹത്തിന് പരാതി കൊടുക്കാൻ തയ്യാറായത്. പരാതി കൊടുത്തു കഴിഞ്ഞപ്പോൾ അതുസംബന്ധിച്ച് പത്രക്കാർ ഡി.ജി.പി.യോട് ചോദിക്കുകയാണ്. പത്രക്കാരാണല്ലോ കാര്യങ്ങൾ വളരെ വേഗം ചോദിക്കുന്നത്. ഡി.ജി.പി. സ്ഥലത്തില്ല, വേറെ എവിടെയോയാണ്. പരാതി ഞാൻ കണ്ടില്ല, എന്നാൽ പരാതിയുണ്ടെങ്കിൽ നിശ്ചയമായും അന്വേഷിക്കുമെന്നാണ് അദ്ദേഹം പറഞ്ഞ മറുപടി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞതിനെ അങ്ങ് തെറ്റിദ്ധരിച്ചുവെന്നാണ് എനിക്ക് തോന്നുന്നത്. ലോ ആന്റ് ഓർഡർ ചാർജ്ജുള്ള പോലീസ് ചീഫ് കൈകാര്യം ചെയ്യുന്ന വിഷയത്തിനകത്ത് ഇത് വരില്ല. ഇക്കാര്യം നന്നായി അറിയാവുന്ന ആളാണ് അങ്ങ്. അദ്ദേഹം ലോ ആന്റ് ഓർഡറിന്റെയും അതോടൊപ്പം ക്രൈം ബ്രാഞ്ചിന്റെയും ഹെഡ്ഡാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന് അന്വേഷണം നടത്താൻ സാധ്യമല്ല, കാരണം ഇത് അദ്ദേഹം നേരിട്ട് കൈകാര്യം ചെയ്യുന്ന വിഷയത്തിനകത്ത് ഉൾപ്പെട്ടതല്ല. അങ്ങനെ പരാതിയുണ്ടെങ്കിൽ മുഖ്യമന്ത്രിക്ക് നൽകണം. ഹോം സെക്രട്ടറിയാണ് ഇതിന് ഉത്തരവിട്ടിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, അതൊക്കെ പോലീസ്, വിജിലൻസ് തമ്മിലുള്ള വേർതിരിവിനെക്കുറിച്ച് പറയുന്ന കാര്യങ്ങളാണ്. ഇവിടെ

വിജിലൻസിന്റെ അകത്തുനിന്ന് ടെലഫോൺ ചോർത്തിയെന്നല്ലല്ലോ പറയുന്നത്. പോലീസ് ചെയ്തുവെന്നാണ് പറയുന്നത്. അതുസംബന്ധിച്ചുള്ള അന്വേഷണം സ്വാഭാവികമായും ഡി.ജി.പി. തന്നെയാണല്ലോ നടത്തുന്നത്. അതുകൊണ്ടാണ് പരാതി ഡി.ജി.പി.ക്ക് കൊടുക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് ചെയ്തുവെന്ന് പറഞ്ഞാൽ ഈ കേസിലെ ഒന്നാം പ്രതി പോലീസായി. ഞാൻ പറഞ്ഞ വാദം ശരിയായി.

ശ്രീ. പിണറായി വിജയൻ: സർ, ഡി.ജി.പി.ക്കാണ് പരാതി കൊടുത്തത്. സാധാരണ ഇത്തരം ചോർത്തൽ പോലീസാണ് നടത്തുന്നത്. പോലീസ് അല്ലാതെ മറ്റാരെങ്കിലുമാണ് ചോർത്തൽ നടത്തിയിട്ടുള്ളതെങ്കിൽ ആരാണ് അന്വേഷിക്കുക? അതും പോലീസ് തന്നെയാണ് അന്വേഷിക്കുന്നത്. സാധാരണനിലയിൽ ചോർത്തലിന് അനുമതി കൊടുക്കുന്നതെങ്ങനെയാണെന്ന കാര്യം നേരത്തെ ഇവിടെ പറഞ്ഞിട്ടുണ്ട്. ആ നിലപാട് മാത്രമേ സ്വീകരിച്ച് പോകാൻ കഴിയൂ. എന്നാൽ അതിൽനിന്നും വ്യത്യസ്തമായ എന്തെങ്കിലും ചോർത്തലുണ്ടായിട്ടുണ്ടോ? അത് പോലീസല്ലേ അന്വേഷിക്കേണ്ടത്. അതുകൊണ്ടാണ് ഡി.ജി.പി.ക്ക് പരാതി കൊടുത്തത്. സ്വാഭാവികമായും അദ്ദേഹം അത് അന്വേഷിക്കുമെന്ന് പറഞ്ഞു.

മാദ്ധ്യമ വാർത്തയുടെ അടിസ്ഥാനത്തിലാണ് ഈ പരാതിയെന്ന് പറഞ്ഞത് ശരിയല്ലെന്ന് അങ്ങ് പറഞ്ഞത് അങ്ങയുടെ തെറ്റിദ്ധാരണ മാത്രമാണ്. അദ്ദേഹം പരാതി ഉന്നയിച്ചത് മാദ്ധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ തന്നെയാണ്. പോലീസിനകത്ത് വല്ലാത്തൊരു സാഹചര്യം ഉണ്ടായിരിക്കുന്നു എന്നാണ് അങ്ങ് പറഞ്ഞ മറ്റൊരു കാര്യം. അത് പണ്ടുണ്ടായിരുന്നു. ആ സ്ഥിതി ഇപ്പോൾ മാറി. നേരത്തെ പോലീസിനകത്ത് ഒരു പ്രത്യേക സാഹചര്യമുണ്ടായിരുന്നു. വലിയ തോതിലുള്ള ഭിന്നതയും പോരുമുണ്ടായിരുന്നു. സാധാരണഗതിയിലുണ്ടാകാൻ പാടില്ലാത്ത പ്രവണതകളുമുണ്ടായിരുന്നു. അതെല്ലാം മാറിപ്പോയി. ഫലപ്രദമായ ഇടപെടലിന്റെ ഫലമായിട്ടാണ് അതെല്ലാം മാറിയത്. ആ ഇടപെടൽ പോലീസിൽ നിന്നുതന്നെയാണുണ്ടായത്. പോലീസിന്റെ കൂട്ടായ്മയാണ് ഇപ്പോൾ ശക്തിപ്പെട്ട് വന്നിട്ടുള്ളത്. അതിൽ വിഷമമുള്ളവരുണ്ട്. നേരത്തെ ഇതിന്റെയെല്ലാം സ്വാദ് അനുഭവിച്ചിരുന്ന ഒരു പറ്റം ആളുകളുണ്ട്. കാര്യങ്ങൾ ചീത്തയാക്കണമെന്ന് നിർബന്ധമുള്ളവരാണ് ആ ആളുകൾ. എങ്ങനെയെല്ലാം ചീത്തയാക്കാൻ കഴിയും അതിനുള്ള ശ്രമം ചിലപ്പോൾ നടക്കുന്നുണ്ടാകും. പക്ഷേ അതൊന്നും പോലീസിനെ മൊത്തത്തിൽ ബാധിച്ചിട്ടില്ല.

അതിൽനിന്നെല്ലാം മുക്തമായി നിൽക്കാൻ തന്നെയാണ് പോലീസ് ശ്രദ്ധിക്കുന്നത്. അങ്ങ് ആശങ്കപ്പെടുന്നതുപോലെ അതിഗുരുതരമായ സാഹചര്യമൊന്നും ഇവിടെ ഉണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്നതെല്ലാം ശരിയാണ്. മാദ്ധ്യമ പ്രവർത്തകരോടൊന്നും ആവശ്യമില്ലാത്ത ഒരു കാര്യവും അങ്ങ് പറയുകയില്ല. ആവശ്യമുള്ളതുമാത്രമെ പറയുകയുള്ളൂ. ഞാൻ അതിനോട് യോജിക്കുന്നു. ഒരു വിജിലൻസ് ഡി.ജി.പി. വളരെ പ്രധാനപ്പെട്ട ഒരു ആരോപണം പരാതിയായി ഡി.ജി.പി.ക്കോ അല്ലെങ്കിൽ ഹോം സെക്രട്ടറിക്കോ കൊടുക്കുന്നു. രണ്ടുപേരും പ്രധാനപ്പെട്ട ആളുകളാണ്. ഇതെങ്ങനെ പത്രത്തിൽ വരുന്നു. അത് അങ്ങ് പറയണ്ടേ? വിജിലൻസ് ഡി.ജി.പി., ഡി.ജി.പി.ക്കോ ഹോം സെക്രട്ടറിക്കോ കൊടുക്കുന്ന സ്വകാര്യവും ഗൗരവത്തോടുകൂടി അന്വേഷിക്കേണ്ടതുമായ ഒരു പരാതി ആരാണ് പത്രത്തിൽ കൊടുത്തതെന്ന് അങ്ങ് അന്വേഷിക്കണ്ടേ? ഇത് പോലീസ് തലപ്പത്ത് കുഴപ്പം നടക്കുന്നുവെന്ന് ജനങ്ങളെക്കൊണ്ട് പറയിപ്പിക്കുന്നതല്ലേ? ജനങ്ങൾ എങ്ങനെ പറയാതിരിക്കും. പത്രത്തിൽ വാർത്ത വരുന്നു. രണ്ട് പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ പരസ്പരം കൊടുക്കുന്ന കത്തിനെ സംബന്ധിച്ച് എങ്ങനെ

പത്രത്തിൽ വാർത്ത വരുന്നു എന്നുകൂടി അങ്ങ് അന്വേഷിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പത്ര വാർത്ത വരുന്നതിന്റെ പിന്നാലെ ഒരു അന്വേഷണത്തിന് പോയാൽ അത് പരിശോധിക്കണമെന്നുണ്ടെങ്കിൽ നമുക്കത് പരിശോധിക്കേണ്ടിവരും. കാരണം പത്ര വാർത്ത പല തരത്തിലാണ് സൃഷ്ടിക്കപ്പെടുക. ഇത് കൊടുത്തുകഴിഞ്ഞാൽ അത് എത്തുന്ന പല തലങ്ങളുണ്ട്. അതിന്റെയൊക്കെ ഭാഗമായി കാര്യങ്ങൾ പുറത്തുപോയെന്നുവരും. എവിടെയെങ്കിലും ഒരു പരാതി കൊടുത്താൽ അത് അവിടെ മാത്രം നിൽക്കില്ലല്ലോ.

ശ്രീ. വി. ഡി. സതീശൻ: സർ, പരാതി കിട്ടുന്നതിനുമുമ്പേ പത്രത്തിൽ വാർത്ത വന്നു.

ശ്രീ. പിണറായി വിജയൻ: സർ, അതെ. സാധാരണനിലയിൽ ഇത്തരം കാര്യങ്ങൾ വാർത്തയായി വരാതിരിക്കുക എന്നുള്ളതുതാണ് അഭികാമ്യം. അത് ശ്രദ്ധിക്കേണ്ടതുതന്നെയാണ്. കാരണം ഗുരുതരമായൊരു പ്രശ്നമെന്ന നിലയിൽ അന്വേഷണത്തിനുശേഷമാണ് വാർത്ത വരേണ്ടത്. പക്ഷേ നടപടികൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ വാർത്ത വന്നു എന്നുള്ളതാണ് വസ്തുത. ഏതായാലും ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ

മറന്നുപോകണ്ട. ആ കാര്യങ്ങളിലേയ്ക്കുതന്നെ മടങ്ങിപ്പോകാം. ശ്രീ. ജേക്കബ് തോമസിനെ വളഞ്ഞിടുന്നു എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അതൊക്കെ നമ്മളിപ്പോൾ ഇവിടെ ചർച്ച ചെയ്യണോ? ഒരുദ്യോഗസ്ഥനെ വളഞ്ഞിടാനുള്ള ശ്രമം എങ്ങനെയൊക്കെ നടക്കുന്നുവെന്നൊക്കെയുള്ളത് നിയമസഭയിൽ ചർച്ച ചെയ്യേണ്ട ഒരു വിഷയമല്ലല്ലോ. അതുകൊണ്ട് ആ ഭാഗത്തേയ്ക്ക് ഞാൻ കടക്കുന്നില്ല. ശ്രീ. ജേക്കബ് തോമസ് വിജിലൻസിന്റെ മേധാവിയായി ഇരിക്കുന്നു. അതിന്റെ ഭാഗമായി അദ്ദേഹത്തിനെതിരെ ഒട്ടേറെ നീക്കങ്ങളുണ്ടാകുന്നു എന്നത് പൊതുവിൽ സമൂഹം കാണുന്നുണ്ട്. എന്നാൽ കാര്യങ്ങൾ കൃത്യമായി നിർവ്വഹിച്ച് പോകാനാണ് അദ്ദേഹം താല്പര്യപ്പെട്ടിട്ടുള്ളത്. അത്തരം ഒരു ഉദ്യോഗസ്ഥൻ നമ്മുടെ സംസ്ഥാനത്തെ കൃത്യനിർവ്വഹണത്തിൽ ഏതെങ്കിലും തരത്തിൽ ദുർബ്ബലനാകാൻ പാടില്ലെന്ന നിലപാട് തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കൃത്യനിർവ്വഹണം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകണം. അതിന് സർക്കാർ എല്ലാ പിന്തുണയും നൽകും. ഇതാണ് സർക്കാരിന്റെ നിലപാട്. അതുകൊണ്ട് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പ്രയാസങ്ങൾ അദ്ദേഹത്തിനുണ്ടായിയെന്ന് ഒരു തരത്തിലും പറയാൻ കഴിയില്ല. എന്നാൽ

അന്വേഷണത്തിന് വിധേയരാകുന്ന ആളുകൾ സ്വാഭാവികമായും ചില പ്രയാസങ്ങൾ അതിന്റെ ഭാഗമായി സൃഷ്ടിക്കാൻ നോക്കും. അത് വ്യക്തിപരമായ പ്രയാസങ്ങളിലേയ്ക്കും എത്തിക്കാൻ ശ്രമിക്കുന്നുണ്ടാകും. അതെന്താണെന്ന് പറയാൻ കഴിയില്ലല്ലോ. അന്വേഷണം നേരിടുന്നവർ പല തരക്കാരല്ലേ? എല്ലാവരും ഒരുപോലെയാകണമെന്നില്ല. അങ്ങനെ പറയാൻ കാരണം എന്റെ അനുഭവം വച്ചുകൊണ്ടാണ്. മറ്റാരെയും ഉദ്ദേശിച്ചല്ല. ഞാൻ പല അന്വേഷണവും നേരിട്ട ആളാണല്ലോ. ഞാനത് സാരമില്ലെന്നേ കരുതിയിട്ടുള്ളൂ. അങ്ങനെ വയ്ക്കാൻ പലർക്കും കഴിയുമോ? വരുന്നിടത്ത് കാണാം എന്ന നിലപാട് ഞാനെടുത്തിരിക്കുന്നു. പലർക്കും അങ്ങനെയൊരു നിലപാടെടുക്കാൻ കഴിയില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അന്വേഷണ വിധേയരായവരിൽ ചില ആളുകൾ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന സൂചന നൽകുന്ന രൂപത്തിലാണ് അങ്ങിവിടെ സൂചിപ്പിച്ചത്. ഈ ആളുകളിൽ ആർക്കെങ്കിലും ഒരു ഡി.ജി.പി. യുടെ ടെലഫോൺ ടാപ് ചെയ്യാനുള്ള അധികാരമുണ്ടോ; ആരെങ്കിലും വിചാരിച്ചാൽപ്പോലും അങ്ങനെ ചെയ്യാൻ കഴിയുമോ? ജേക്കബ് തോമസിന്റെ ഉന്നം ഇതിനുമുകളിലിരിക്കുന്ന ആളുകൾക്കെതിരെയാണ്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, അന്വേഷണത്തിന് വിധേയരാകുന്ന ആരോ ആകട്ടെ,

അവർക്ക് ആർക്കെങ്കിലും ഡി.ജി.പി.യുടെ ടെലഫോൺ ടാപ് ചെയ്യാനുള്ള അധികാരമുണ്ടോ? ആ അധികാരം ഉപയോഗിച്ച് എന്നുള്ളതാണ് ഡി.ജി.പി. യുടെ പരാതി. ആ അധികാരം ഉപയോഗിച്ച പോലീസിലുള്ള ആളുകൾ ആരാണ്? അവിടെയാണ് ഈ പ്രശ്നത്തിന് കൂടുതൽ ഗൗരവമുണ്ടാകുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഈ കാര്യത്തിൽ അങ്ങ് ഉദ്ദേശിക്കുന്ന തരത്തിലുള്ള ഒരു ഗൗരവവുമില്ല. കാരണം വിജിലൻസ് ഡയറക്ടർക്ക് കാര്യങ്ങൾ നിർവ്വഹിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഈ സർക്കാർ നൽകിയിട്ടുണ്ട്. അതിനകത്ത് നേരിയ തോതിലെങ്കിലും ഇടപെടുന്ന ഒരു സമീപനം സർക്കാരിനെ സംബന്ധിച്ചിടത്തോളമില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകുകയെന്ന മാർഗ്ഗം മാത്രമെ സർക്കാർ സ്വീകരിച്ചിട്ടുള്ളൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സ്ഥാനം ഒഴിയണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് വിജിലൻസ് ഡയറക്ടർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും തീരുമാനം അങ്ങ് എടുത്തിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ സ്ഥാനമൊഴിയുന്നു എന്നുപറഞ്ഞ് അദ്ദേഹം കത്ത് നൽകിയിട്ടേയില്ല. അദ്ദേഹം ചില ആഗ്രഹങ്ങൾ

പ്രകടിപ്പിച്ചിട്ടുണ്ട്. അത് വാർത്തയുമായിട്ടുണ്ട്. അതിനോട് സർക്കാർ യോജിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. കാര്യക്ഷമതയോടെ കാര്യങ്ങൾ നിർവ്വഹിക്കുന്ന ഒരുദ്യോഗസ്ഥൻ തലപ്പത്തു തന്നെയുണ്ടാകണമെന്ന ധാരണയുടെ ഭാഗമായിട്ടാണ് സർക്കാർ അതിനോട് യോജിക്കാതിരുന്നത്. ഉന്നത കേന്ദ്രങ്ങൾ ജേക്കബ് തോമസിനെ ഏതെങ്കിലും തരത്തിൽ വളഞ്ഞിട്ട് പീഡിപ്പിക്കുന്ന സ്ഥിതിയില്ല. എന്നാൽ ഈ പറഞ്ഞ തരത്തിലുള്ള അന്വേഷണം നേരിടുന്നവർ പല തരക്കാരുണ്ട്. അവർ എന്തൊക്കെയാണ് ചെയ്യുന്നതെന്ന് എനിക്ക് പറയാൻ കഴിയില്ല. അതിന്റേതായ പ്രയാസങ്ങൾ സ്വാഭാവികമായും ഉണ്ടായെന്നും വരാം. ഇവിടെ ഒരു ആശങ്കയും ബഹുമാന്യനായ അംഗത്തിന് ഉണ്ടാകേണ്ടതില്ല. അതായത് പോലീസ് സേനയിൽ നടക്കാൻ പാടില്ലാത്തത് എന്തോ നടക്കുന്നു; തീക്കട്ടയിൽ ഉറുമ്പരിക്കുന്നു... തീക്കട്ട തീക്കട്ടയായിട്ടുതന്നെ നില്ക്കുകയാണ്. അതിനൊരു പ്രശ്നവും വരുന്നില്ല; യാതൊരു കുഴപ്പവും അതിനകത്ത് സംഭവിക്കുന്നില്ല. നല്ല കൂട്ടായ്മ അതിനകത്ത് രൂപപ്പെട്ടുവന്നിട്ടുണ്ട്. ആ കൂട്ടായ്മയും കാര്യക്ഷമതയും മനുഷ്യസ്നേഹവുമെല്ലാം വളർത്തിക്കൊണ്ടുവരാൻ തന്നെയാണ് പോലീസ് സേനയുടെ കാര്യത്തിൽ സർക്കാർ പ്രത്യേകമായി ശ്രദ്ധിക്കുന്നത്. അങ്ങ് ചൂണ്ടിക്കാണിച്ച ഒരു കാര്യം അതീവ

ഗൗരവമായിട്ട് പരിഗണിക്കാം. പ്രതിപക്ഷനേതാവിനെ കൊല്ലുമെന്ന് ആരോ ഭീഷണിപ്പെടുത്തി കത്തയച്ചത് അങ്ങ് ഇവിടെ ഉദ്ധരിക്കുകയുണ്ടായി. അത് അതീവ ഗൗരവമായ ഒരു വിഷയം തന്നെയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ രണ്ടു ദിവസമായി കേരളത്തിൽ നിന്നും വിദേശത്ത് നിന്നും ഇന്റർനെറ്റ് ഫോൺ വഴിയാണ് ഈ മെസ്സേജ് വരുന്നത്. ഇന്നു രാവിലെ ഞാൻ ഒരു കത്ത് ഡി.ജി.പി.ക്ക് നൽകാമെന്ന് കരുതുകയാണ്. ഞാൻ അതിനെ വലിയ ഗൗരവത്തിൽ കാണുന്നില്ല. എന്നാലും അങ്ങനെയൊരു മെസ്സേജ് വന്ന സാഹചര്യത്തിൽ, 'നിഷാമിനെതിരായി അങ്ങ് ആവശ്യമില്ലാത്ത പരാമർശങ്ങൾ നടത്തുന്നു'.... അത് ' ഡോൺ ഡെവി പൂജാരി' എന്ന പേരിലാണ് മെസ്സേജ് വരുന്നത്. അങ്ങനെ അവസാനം വന്ന മെസ്സേജാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ വായിച്ചത്. രണ്ടുദിവസമായി ഇന്റർനെറ്റ് ഫോണുകളിലൂടെ വിദേശരാജ്യങ്ങളിൽ നിന്നാണ് ഈ ഫോൺ വന്നുകൊണ്ടിരിക്കുന്നത്. ഞാൻ അതിനെ ഗൗരവമായി എടുത്തിട്ടില്ല. ഇന്നു രാവിലെ വീണ്ടും ഒരു മെസ്സേജും ഫോൺ നമ്പരും വന്നു. ആ ഫോൺ നമ്പരിൽ നിന്നാണ് മെസ്സേജ് വരുന്നത്. ആ മെസ്സേജിന്റെ അടിസ്ഥാനത്തിൽ ഒരു ലെറ്റർ ഞാൻ അങ്ങേയ്ക്ക് തരുന്നുണ്ട്; ഡി.ജി.പി.ക്കും കൊടുക്കുന്നുണ്ട്. ഞാൻ ഇന്നലെവരെ അതിനെ ഗൗരവമായി

എടുത്തിട്ടില്ല. ഇന്ന് ഫോണിൽ ഒരു മെസ്സേജ് വന്നപ്പോഴാണ് അങ്ങനെയൊരു കത്ത് നൽകാമെന്ന് തീരുമാനിച്ചത്.

ശ്രീ. പിണറായി വിജയൻ: സർ, പ്രതിപക്ഷനേതാവിനെതിരെയുള്ള എന്തെങ്കിലും ഒരു നീക്കം, വധഭീഷണിപോലുള്ള കാര്യങ്ങളിൽ ഗൗരവത്തോടെ അന്വേഷിക്കുന്ന നടപടിതന്നെ സർക്കാർ സ്വീകരിക്കും. ആ കാര്യങ്ങൾ പ്രതിപക്ഷ നേതാവിനുതന്നെ അറിയാം. പോലീസിൽ സൈബർ സെല്ലും മറ്റുമുണ്ട്. അതുവച്ച് എവിടെനിന്നാണ് ഈ കോളുകൾ വന്നിട്ടുള്ളതെന്ന് മനസ്സിലാക്കാനുള്ള ശ്രമം നടത്താൻ കഴിയും. മറ്റുതരത്തിലുള്ള അന്വേഷണങ്ങളും നടത്താൻ കഴിയും. അങ്ങനെ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യും. അതിൽ ഒരുതരത്തിലുമുള്ള അലംഭാവവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. ഇവിടെ പ്രസ്താവിച്ചതിന്റെ സാഹചര്യത്തിലുള്ള നടപടികൾ സ്വാഭാവികമായും സ്വീകരിക്കും. എനിക്കതിൽ ഒരു ആശയക്കുഴപ്പമുണ്ടാകുന്നത്, ഈ നിഷാമിന്റെ കാര്യത്തിൽ അങ്ങേയ്ക്ക് എതിരായി ഇത്തരത്തിലൊരു ആക്ഷേപം എങ്ങനെയാണ് വരികയെന്നുള്ളതാണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, 'അയാൾക്കെതിരായി സംസാരിച്ചുകൂടാ' എന്നാണ് വാചകം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഏതായാലും ഞാൻ അത് വിടുകയാണ്. ആ സംശയം ഇപ്പോഴും നിലനില്ക്കുന്നുണ്ട്. എന്നാലും ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അത് വേറെ കാരണത്താൽ പറഞ്ഞതായിരിക്കും. യഥാർത്ഥത്തിൽ അതായിരിക്കില്ല. മറ്റെന്തെങ്കിലുമായിരിക്കും അവരുടെ ഉദ്ദേശം എന്നുതോന്നുന്നു. അത് ഏതായാലും അന്വേഷിച്ച് കണ്ടുപിടിക്കട്ടെ. പോലീസ് അന്വേഷിക്കുന്നതായിരിക്കും നല്ലത്. അതുകൊണ്ടുതന്നെ ശ്രീ. ജേക്കബ് തോമസിനെതിരായി പോലീസിലെ ഉന്നതതലത്തിലുള്ള ഗൂഢാലോചനയാണെന്നത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. എന്നാൽ ഇത്തരമൊരു വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന പരാതി ഗൗരവമായിട്ടുതന്നെ കാണും. അതിനെ ഗൗരവമായി കണ്ടുകൊണ്ട് അന്വേഷിക്കുന്ന നടപടിയും സ്വീകരിക്കും. സാധാരണ നിലയിൽ ഇത്തരം നടപടികൾ അന്വേഷിക്കുന്നത് ക്രൈംബ്രാഞ്ചിനെ ഏല്പിച്ചുകൊണ്ടായിരിക്കും. ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ചിനെ ഏല്പിച്ച് അന്വേഷിക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്യും. അതുകൊണ്ട് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു അടിയന്തര സാഹചര്യവും ഈ പ്രശ്നത്തിലില്ല.

<u>മി. സ്പീക്കർ:</u> മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം ഒട്ടും തൃപ്തികരമല്ല. ഈ സംസ്ഥാനത്തെ ഡി.ജി.പി. റാങ്കിലുള്ള രണ്ടാമത്തെ ഉദ്യോഗസ്ഥനാണ് ശ്രീ. ജേക്കബ് തോമസ്. അങ്ങ് ഇവിടെ പറഞ്ഞതും നമുക്കെല്ലാവർക്കും അറിയാവുന്നതുമായ ഇൻഡ്യൻ ടെലിഗ്രാഫ് ആക്ടിന്റെ സെക്ഷൻ 5 (2) പ്രകാരം ചില നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലാണ് ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നത്. എ.ഡി.ജി.പി. ഇന്റലിജൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഹോം സെക്രട്ടറിയുടെ അനുമതിയോടെ മാത്രമേ ചില പ്രത്യേക സാഹചര്യങ്ങളിൽ, രാജ്യസുരക്ഷ, ഭീകരപ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെയുള്ള കാര്യങ്ങളിൽ മാത്രമേ ഫോൺ ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയുകയുള്ളൂ. രണ്ടാമത്, ഫോൺ ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയുന്നത് Off the air monitoring device കൊണ്ടാണ്. കേരളത്തിൽ Off the air monitoring device ഇല്ല; എന്നുമാത്രമല്ല ഇൻഡ്യയിലെ ഒരു സംസ്ഥാനത്തുമില്ല. അത് RAW-യുടെ കൈയ്യിൽ മാത്രമുള്ളതാണ്. അതിർത്തികളിൽ ഭീകരപ്രവർത്തനങ്ങൾ തടയാനും രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കാനും വേണ്ടിയാണ് Off the air monitoring device. ഇത് എയറിലൂടെ തന്നെ മോണിറ്റർ ചെയ്യാൻ കഴിയുന്ന

ഒരു സിസ്റ്റമാണ്. ഈ രണ്ട് സിസ്റ്റമാണ് ഇൻഡ്യയിൽ ഇന്ന് നിലവിലുള്ളത്. ഡി.ജി.പി. റാങ്കിലിരിക്കുന്ന ശ്രീ. ജേക്കബ് തോമസിന് ഈ വിവരം ഒന്നും അറിയാൻ പാടില്ല എന്നുള്ളതാണോ അങ്ങ് പറയുന്നത്? ഡി.ജി.പി ആയിരിക്കുന്ന ഒരാളിന് ഏതെങ്കിലും പത്രത്തിൽ ഒരു വാർത്ത വന്നതിന്റെ പേരിൽ പരിഭ്രമിക്കേണ്ട ആവശ്യം എന്താണുള്ളത്; ഏത് മാധ്യമത്തിലാണ് വന്നത്? ഞങ്ങളൊക്കെ എല്ലാ മാധ്യമങ്ങളും വായിക്കുന്നവരാണ്. കേരളത്തിലെ ഒരു മാധ്യമത്തിലും ശ്രീ. ജേക്കബ് തോമസിന്റെ ഫോണോ, ഇന്റർനെറ്റോ, ഇ-മെയിലോ വെബ്സൈറ്റോ ഹാക്ക് ചെയ്യുന്നതായിട്ട് ഒരു വാർത്തയും ഞങ്ങൾ ആരും കണ്ടിട്ടില്ല. ഈ രണ്ട് രീതിയിലാണ് ഫോൺ ടാപ്പ് ചെയ്യാൻ കഴിയുന്നതെന്ന് ഒരു പോലീസുകാരനുപോലും അറിയാവുന്ന കാര്യമാണല്ലോ? ഡി.ജി.പി. റാങ്കിലിരിക്കുന്ന ശ്രീ. ജേക്കബ് തോമസിന് ഇതറിയില്ലേ? ഒന്നുകിൽ അദ്ദേഹത്തിന് ഇതറിയില്ല; അല്ലെങ്കിൽ ആ വിവരം മറച്ചുവച്ചുകൊണ്ട് ബോധപൂർവ്വം ഒരു ഹൈപ്പ് ഉണ്ടാക്കാൻ വേണ്ടി അദ്ദേഹം ചെയ്യുന്നു. ഇവിടെ രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാത്രമാണ് പലപ്പോഴും കേരളത്തിൽ ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നത്. അതിനുള്ള നടപടിക്രമങ്ങളുമുണ്ട്. ആ നടപടിക്രമങ്ങൾ അറിയാത്ത ഒരാളാണോ ശ്രീ. ജേക്കബ് തോമസ്; ഇന്റലിജൻസിലിരിക്കുന്ന എ.ഡി.ജി.പി. അറിയാതെ

ഫോൺ ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയുമോ? ഇന്റർസെപ്റ്റ് ചെയ്യുന്ന ഈ ഉപകരണമിരിക്കുന്നത് എ.ഡി.ജി.പി ഇന്റലിജൻസിന്റെ ഓഫീസിലാണ്. അപ്പോൾ അതിന്റെ മുന നീങ്ങുന്നത് എങ്ങോട്ടാണ്? ഈ ഗവൺമെന്റിലേയ്ക്കാണ്.

ശ്രീ. പിണറായി വിജയൻ: സർ, 19.10.2016-ലെ വാർത്തയെക്കുറിച്ചാണ് ഉദ്ദേശിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ അങ്ങനെയൊരു വാർത്ത വായിച്ചതായി കാണുന്നില്ല. ഒരു കാര്യം ചെയ്യാം, അങ്ങനെയൊരു വാർത്ത വന്നു എന്നിരിക്കട്ടെ. മുഖ്യമന്ത്രിയുടെ അഭിപ്രായത്തെ ഞാൻ സ്വീകരിക്കുന്നു. അങ്ങനെയൊരു വാർത്ത മാധ്യമത്തിൽ വന്നാൽ വിശ്വസിക്കാൻ ഡി.ജിപി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന് എങ്ങനെ കഴിയും? ഇന്റർസെപ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അദ്ദേഹത്തിന് അറിയാം. ഏതായാലും കേരളത്തിൽ Off the air monitoring device ഇല്ല. RAW-യിൽ മാത്രമുള്ള സംവിധാനമാണ്. ഇതെല്ലാം അദ്ദേഹത്തിന്റെ തോന്നലാണ്. ഇവിടത്തെ പ്രശ്നം എന്താണ്? ഇവിടെ മുഖ്യമന്ത്രിക്കും ഡി.ജി.പിക്കും ശ്രീ. ജേക്കബ് തോമസിനും തോന്നലുകളാണ്. ഈ തോന്നലുകളാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുന്നത്. അദ്ദേഹം പറഞ്ഞു, ഇത് വളരെ ഗൗരവമുള്ള കാര്യമാണെന്ന്. കേരളത്തിലെ

വിജിലൻസിന്റെ ഡി.ജി.പി. ആയിരിക്കുന്ന ഒരാളിന്റെ ഫോൺ ചോർത്തുന്നു എന്നുള്ള വിവാദം വന്നത് എപ്പോഴാണ്? ശ്രീ. ഇ. പി. ജയരാജൻ എന്ന മന്ത്രിയുടെ കേസ് അന്വേഷിക്കുന്ന സന്ദർഭത്തിലാണ് ഇവിടെ ഈ ഫോൺ ചോർത്തൽ ആരോപണം വന്നിരിക്കുന്നത്. ശ്രീ. ജേക്കബ് തോമസിന്റെ ആരോപണം മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കും എ.ഡി.ജി.പി. (ഇന്റലിജൻസ്)-നും എതിരായിട്ടാണ്. അവർ ആരെങ്കിലും അറിയാതെ ഈ ഫോൺ ചോർത്താൻ കഴിയില്ല. അപ്പോൾ ഗവൺമെന്റ് പറയേണ്ടത്, പത്രത്തിൽ വരുന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഒരു കത്ത് കിട്ടിയെന്ന് പറയുമ്പോൾ ഡി.ജി.പി.യായിരിക്കുന്ന ഒരു വ്യക്തിയുടെ അറിവില്ലായ്മയെപ്പറ്റി പരിതപിക്കേണ്ടി വരും. അല്ലെങ്കിൽ ഗവൺമെന്റ് ബോധപൂർവ്വം അദ്ദേഹത്തിന്റെ ഫോൺ ടാപ്പ് ചെയ്യുന്നതായിട്ട് കാണേണ്ടിവരും. നമ്മൾ കേട്ടിട്ടുണ്ട് വാട്ടർ ഗേറ്റ് വിവാദത്തെപ്പറ്റി. വാട്ടർ ഗേറ്റിനെത്തുടർന്നാണ് അമേരിക്കൻ പ്രസിഡന്റായിരുന്ന നിക്സൺ രാജിവയ്ക്കേണ്ടിവന്നത്. ഫോൺ വിവാദങ്ങൾ എന്നും ലോകത്തെമ്പാടും വിവാദങ്ങളുണ്ടാക്കിയിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, ഞങ്ങളാരും അങ്ങനെ ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നില്ല. അങ്ങനെയുള്ള ഒരു സാഹചര്യമുണ്ടെങ്കിൽ മുഖ്യമന്ത്രിക്ക് ഡി.ജി.പി.യെ എന്തുകൊണ്ട്

ബോധ്യപ്പെടുത്താൻ കഴിയുന്നില്ല? ഇവിടെ ഒരു അന്വേഷണത്തിന്റെ ആവശ്യമില്ല.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം കൊടുത്ത പരാതിയിലെ ആദ്യത്തെ വാചകമാണ് ഞാൻ വായിക്കുന്നത്. 'I am enclosing herewith a news report appearing in a leading Malayalam daily'...... ഇങ്ങനെയാണ് തുടങ്ങുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: അതാണ് ഞാൻ പറഞ്ഞത് ഒന്നുകിൽ അദ്ദേഹത്തിന് ഇത് അറിയില്ല. അറിയില്ലെന്ന് വിശ്വസിക്കാൻ കഴിയില്ല. ഡി. ജി. പി. റാങ്കിൽ ഇരിക്കുന്ന ഒരാളുടെ ഫോൺ ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയില്ലെന്ന് അങ്ങേയ്ക്കും ബോധ്യമുള്ള കാര്യമാണ്. അങ്ങ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്നല്ലോ. വെറുതെ ആളുകൾ പറയുന്നതനുസരിച്ച് ഫോൺ സംഭാഷണം ആർക്കും ടാപ്പ് ചെയ്യാൻ കഴിയില്ല. നമ്മുടെ രാജ്യത്ത് നിയമങ്ങളുണ്ട്. ഡി. ജി. പി. റാങ്കിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഏതെങ്കിലും ഒരു ദിനപത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇത്തരം ഒരു കത്ത് കൊടുക്കുന്നുവെന്ന് പറയുന്നതിന്റെ സാങ്കത്യം എന്താണെന്ന് പരിശോധിക്കേണ്ട കാര്യമാണ്. അദ്ദേഹത്തിന് ഒരു ഫിയർ സൈക്കോസിസ് ഉണ്ടായിരിക്കുന്നുവെന്നതാണ് സത്യം.

ആരെയാണ് അദ്ദേഹത്തിന് സംശയം? ഈ ഗവൺമെന്റിനെ സംശയമാണോ; മുഖ്യമന്ത്രിയെ സംശയമാണോ; ഹോം സെക്രട്ടറിയെ സംശയമാണോ; പോലീസിലെ ഉന്നതന്മാരെ സംശയമാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയോ ഹോം ഡിപ്പാർട്ടുമെന്റിനെയോ വിശ്വാസമില്ലെന്ന നിലയിലാണ് ഇപ്പോൾ ഡി.ജി.പി. പെരുമാറിക്കൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ ഫോൺ ചോർത്തുന്നുവെന്ന വാദം അദ്ദേഹം ഉന്നയിക്കുന്നത് എന്തിനുവേണ്ടിയാണ്? ശ്രീ. ബാലസുബ്രഹ്മണ്യം ഡി. ജി. പി. ആയിരുന്ന സമയത്ത് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കോൾ ഡീറ്റെയിൽസ് മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ എടുക്കാൻ പാടില്ലെന്ന വ്യക്തമായ നിർദ്ദേശം അന്നത്തെ ഡി. ജി. പി. ഒരു സർക്കുലറായി തന്നെ ഇറക്കിയിട്ടുണ്ട്. അപ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥന് മറ്റൊരു പോലീസ് ഉദ്യോഗസ്ഥന്റെ സി. ഡി. ആർ. എടുക്കാൻ കഴിയില്ല. മാത്രമല്ല ഇന്റർസെപ്റ്റ് ചെയ്യാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ഒന്നുകിൽ ഗവൺമെന്റും, എ.ഡി. ജി. പി. ഇന്റലിജൻസും, ഹോം സെക്രട്ടറിയും അറിഞ്ഞുകൊണ്ട് ശ്രീ. ജേക്കബ് തോമസിന്റെ ഫോൺ ഇന്റർസെപ്റ്റ് ചെയ്യുന്നു. അത് ശരിയല്ലെങ്കിൽ ശ്രീ. ജേക്കബ് തോമസിന്

സ്ഥലജല വിഭ്രാന്തി ഉണ്ടായിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. അല്ലാതെ വേറൊരു സാഹചര്യവും ഇവിടെ നിലവിലില്ല. വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജന്റെ കേസ് അന്വേഷണത്തിന്റെ സമയം മുതലാണ് ഈ ഇന്റർസെപ്ഷന്റെ പ്രശ്നം ഇവിടെ ഉയർന്നു വരുന്നതെന്നാണ് നമ്മൾ അറിയേണ്ട ഒരു കാര്യം. അതുകൊണ്ടാണ് അദ്ദേഹത്തിന് സംശയം ഉണ്ടാകുന്നത്. ഗവൺമെന്റിൽ രണ്ടാമതായിരുന്ന ശ്രീ. ഇ. പി. ജയരാജൻ കുടുങ്ങും. ശ്രീ. ഇ. പി. ജയരാജനെതിരെ പ്രതിപക്ഷം ശക്തമായ തെളിവുകളോടുകൂടി ആരോപണം ഉന്നയിച്ച കേസ് അന്വേഷിക്കുമ്പോൾ ശ്രീ. ഇ. പി. ജയരാജനെ രക്ഷപ്പെടുത്താനുള്ള തന്ത്രമായി നമുക്ക് ഇക്കാര്യങ്ങൾ പറയേണ്ടി വരുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ പോലീസ് വകുപ്പിൽ ഒരു കുഴപ്പവുമില്ലെന്ന് അങ്ങ് പറഞ്ഞല്ലോ. നേരത്തെ ഡി. ജി. പി. ആയിരുന്ന ശ്രീ. സെൻകുമാർ അവധിയെടുത്തു പോയി. വിജിലൻസ് ഡയറക്ടർ എസ്.ഇ.ആർ.ഡി. ഡയറക്ടർ ശ്രീ. ശങ്കർ റെഡ്ഡിക്കെതിരായി അഫിഡെവിറ്റ് കൊടുക്കുന്നു. ഇപ്പോൾ വിജിലൻസ് ഡയറക്ടർ തന്നെ ഫോൺ ചോർത്തുന്നുവെന്ന് പറയുന്നു. ഇവിടെ പോലീസിന്റെ തലപ്പത്ത്

ഉണ്ടായിക്കൊണ്ടിരിക്കുന്ന അധികാര തർക്കങ്ങളും പടലപ്പിണക്കങ്ങളുമാണ് ഇതിൽ കാണുന്നത്. ഇന്ന് പോലീസിന്റെ നിയന്ത്രണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നെ നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് ഈ സാഹചര്യങ്ങളിൽ കാണാൻ കഴിയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായ സമയത്ത് ശക്തമായിത്തന്നെ നിയന്ത്രിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നു. ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ, പോലീസിന്റെ തലപ്പത്ത് ഉണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ ഇന്ന് പോലീസിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ക്രമസമാധാന നില വഷളാകുന്നതും പോലീസ് തന്നിഷ്ടം പോലെ പ്രവർത്തിക്കുന്നതും പോലീസിന്റെ ഉന്നത തലത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ കാരണമാണ്. ഇത് ഗൗരവമല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞതിൽ എനിക്ക് അത്ഭുതമാണുള്ളത്. കേരളത്തിൽ രണ്ട് കേഡർ പോസ്റ്റുകളെയുള്ളൂ. ഡി. ജി. പി. യുടെ പോസ്റ്റും വിജിലൻസ് ഡയറക്ടറുടെ പോസ്റ്റും. ഈ രണ്ടു കേഡർ പോസ്റ്റുകളിൽ ഒന്നിൽ ഇരിക്കുന്ന ഒരാൾ തന്റെ ഫോൺ ചോർത്തുന്നുവെന്ന് പറഞ്ഞാൽ അതിന്റെ ഗൗരവ സ്വഭാവം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനസ്സിലാകാത്തതിൽ എനിക്ക്

ദു:ഖമുണ്ട്. അദ്ദേഹം ഒരിക്കലും അങ്ങനെ പറയാൻ പാടില്ല. ഒന്നുകിൽ ആ ഉദ്യോഗസ്ഥൻ മാധ്യമങ്ങളിൽ വാർത്ത വരാൻ വേണ്ടി പറയുന്നു. അല്ലെങ്കിൽ ഗവൺമെന്റ് ചോർത്തുന്നു. ഈ രണ്ടു കാര്യങ്ങളല്ലാതെ മറ്റൊന്നുമില്ല. സംസ്ഥാനത്ത് ഭരണ രംഗത്ത് ആഭ്യന്തര വകുപ്പിൽ നടമാടിക്കൊണ്ടിരിക്കുന്ന ഇത്തരം ഗുരുതരമേറിയ പ്രശ്നങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഇത് അങ്ങേയറ്റം ഗൗരവമേറിയ ഒരു വിഷയമാണെന്ന് ഡി.ജി.പി. തന്നെയാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ രണ്ടു സാധ്യതകളാണുള്ളത്. ഒന്നുകിൽ ശ്രീ. ജേക്കബ് തോമസ് പറഞ്ഞിട്ടുള്ളത് വസ്തുതയാണ്. വസ്തുതയാണെങ്കിൽ അത് താഴെത്തട്ടിൽ നിന്നല്ല സംഭവിച്ചിരിക്കുന്നത്. മുകൾ തട്ടിലുള്ളവരുടെ സമ്മതമില്ലാതെ ഒരിക്കലും ഫോൺ ചോർത്താൻ സാധിക്കുകയില്ലെന്ന് ഇവിടെ എല്ലാവരും വിശദീകരിച്ചു. ആഭ്യന്തര

വകുപ്പ് സെക്രട്ടറി അത് അറിയണം. ആഭ്യന്തര വകുപ്പ് സെക്രട്ടറി ഫോൺ ചോർത്തണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയണം. ഫോൺ ചോർത്തിയെന്ന് പറയുന്ന കാര്യം ശരിയാണെങ്കിൽ അങ്ങേയറ്റം ഗൗരവമുള്ളതാണ്. കാരണം അത് തലപ്പത്തുനിന്നുതന്നെ തുടങ്ങുന്നതാണ്. അങ്ങനെ സംഭവിച്ചിട്ടില്ലെന്നുള്ളതാണ് രണ്ടാമത്തെ സാധ്യത. അങ്ങനെ സംഭവിച്ചിട്ടില്ലെങ്കിൽ, ഒരു വിജിലൻസ് ഡയറക്ടർ മന്ത്രിസഭയെയും കേരളത്തിലുള്ള മുഴുവൻ ജനങ്ങളെയും മുൾമുനയിൽ നിർത്തിക്കൊണ്ട് ഇങ്ങനെയുള്ളൊരു ചർച്ചയ്ക്ക് വഴിയൊരുക്കുന്നത് ശരിയായിരുന്നോ. 19-ാം തീയതിയിലെ പത്രത്തിൽ ഇങ്ങനെയൊരു വാർത്ത വന്നു. അത് പത്രത്തിന്റെ ഒരു ഭാവനാ വിലാസമാണോ? അങ്ങനെ സംശയിക്കാനുള്ള സാഹചര്യമില്ല. കാരണം എന്താണെന്നുവച്ചാൽ ഡി.ജി.പി.യുടെ പ്രസ്താവനയിൽ പരാതി ഗൗരവമേറിയതാണെന്ന് പറഞ്ഞ കൂട്ടത്തിൽ വിജിലൻസ് ഡയറക്ടറുടെ പരാതി അടങ്ങിയ കത്ത് ഞാൻ കണ്ടിട്ടില്ലെന്നും പറഞ്ഞിട്ടുണ്ട്. ഞാൻ കണ്ടിട്ടില്ല, കണ്ട ശേഷമേ എനിക്ക് അതിനെക്കുറിച്ച് പറയാൻ സാധിക്കൂവെന്ന് പറയുന്ന അതേ പത്രത്തിൽതന്നെ

മുകളിൽ എഴുതിയിരിക്കുന്നത് ശ്രീ. ജേക്കബ് തോമസിന്റെ പരാതി. Highly confidential എന്നെഴുതിയാണ് ഈ പരാതി കൊടുത്തിരിക്കുന്നത്. Highly confidential എന്നെഴുതി ഡി.ജി.പി.യുടെ മേശപ്പുറത്ത് തുറക്കാതെ വച്ചിരിക്കുന്ന, ഡി.ജി.പി. പോലും കാണാത്ത കത്തിന്റെ ഉള്ളടക്കമടക്കം പത്രത്തിൽ വന്നുവെന്നുള്ളതല്ലേ ഗൗരവമായി നമ്മൾ കാണേണ്ട വിഷയം. അപ്പോൾ എവിടെയാണ് കള്ളനുള്ളത് എന്ന് പരിശോധിക്കുക. അത് പോലീസിൽ തന്നെയായിരിക്കണം. ഇതിനകത്ത് ഡി.ജി.പി.-യുടെ മേശപ്പുറത്ത് തുറക്കാതെ വച്ചിരിക്കുന്ന കത്തിനകത്തെ ഉള്ളടക്കം പുറത്തുവരണമെന്നുണ്ടെങ്കിൽ... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞല്ലോ പരാതി കൊടുത്തിട്ടുണ്ടെന്ന്. അപ്പോൾ ഇത് ശരിയാണ്. പരാതി കൊടുത്തുവെന്ന് പറയുന്ന ഈ പത്ര വാർത്ത ശരിയാണ്. ഇത് ഭാവനാ വിലാസമല്ലെങ്കിൽ 19-ാം തീയതി വന്നിട്ടുള്ള വാർത്തയും ഭാവനാ വിലാസമല്ല. അതും ഇതുപോലെ എവിടെനിന്നോ പോയിട്ടുള്ളതാണ്. പോലീസിനകത്ത് ഐക്യം ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്ന് പറയുമ്പോഴും പോലീസ് ആകെ കുഴപ്പത്തിലാണുള്ളത്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അദ്ദേഹം

കൊടുത്ത പരാതിയിൽ പരാതിയുണ്ടെന്ന് പറയുന്നത് ശരിയാണെങ്കിൽ അതിൽ പറഞ്ഞിരിക്കുന്നത് ഞാനും മന്ത്രിമാരും ഞാനും മുഖ്യമന്ത്രിയും സംസാരിക്കുന്നതുവരെ ചോർത്തിയിരിക്കുന്നു. അവിടെ നമ്മൾ കാണേണ്ടത് ഒന്നുകിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമ്മതത്തോടെ ഇതാ ചോർത്തിക്കോ എന്നുപറഞ്ഞുകൊണ്ട് സംസാരിക്കുന്നത് ചോർത്തുന്നു. അല്ലെങ്കിൽ പോലീസിനകത്ത് ആർക്കോ മുഖ്യമന്ത്രിയുമായുള്ള സംസാരം ചോർത്തണമെന്നുള്ള ആഗ്രഹമുണ്ടാകുന്നു. അതുകൊണ്ട് ഇത് നിസ്സാരമുള്ളൊരു കാര്യമായി കേരളത്തിലെ ജനങ്ങൾക്ക് കാണാൻ കഴിയുന്നില്ല. ഇത് എല്ലാവരുടെയും സുരക്ഷിതത്തെ ബാധിക്കുന്നൊരു വിഷയമായി മാറാൻ പോകുന്നു. പോലീസിലെ ഈ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ടാക്കാൻ പോകുന്ന ഭവിഷ്യത്ത് എന്താണെന്നുള്ളത് പരിശോധിക്കണം. അതുകൊണ്ടാണ് മന്ത്രിസഭയിൽനിന്നും രാജിവച്ച് പോയ ഒരാളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് ഈ വിഷയത്തെ കൂട്ടികാണേണ്ട ഒരു അവസ്ഥ ഉണ്ടായിട്ടുള്ളത് ഇത്തരത്തിലുള്ള സംശയങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ്. എങ്ങനെയാണ് വാർത്തകൾ പുറത്തുവരുന്നത്. പോലീസിനകത്തുള്ള ഈ വിഷയം സംബന്ധിച്ച് ആഭ്യന്തര സെക്രട്ടറിക്ക് കത്ത്

കിട്ടിയിട്ടുണ്ടോ: ആഭ്യന്തര സെക്രട്ടറി അറിഞ്ഞിട്ടാണോ? ഇവിടെ പറഞ്ഞതുപോലെ അങ്ങനെയാണെങ്കിൽ ഐ.ടി. ആക്ടിലെ ഏഴാം വകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ കഠിനമായ ശിക്ഷയിലേയ്ക്ക് ആരെയാണ് കൊണ്ടുവരാൻ കഴിയുക എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് സംശയാസ്പദമായി നമ്മുടെ മുന്നിൽ നിൽക്കുന്ന പലതരത്തിലുള്ള സംശയങ്ങൾ ദൂരീകരിക്കുന്ന രീതിയിൽ മുഖ്യമന്ത്രിയുടെ മറുപടി ആയിട്ടില്ല എന്നുള്ളതാണ് ഈ സഭയ്ക്കും പൊതുവെ എല്ലാവർക്കും അങ്ങയുടെ മറുപടിയിൽനിന്നും കിട്ടിയിട്ടുള്ളത്. തീർച്ചയായും ഇതുസംബന്ധിച്ച് ഗൗരവമായ ചർച്ചയ്ക്ക് അനുവദിക്കേണ്ടതായിരുന്നു. അത് അനുവദിക്കാത്ത സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും ഇറങ്ങി പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം.കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പോലീസ് തലപ്പത്ത് മുതിർന്ന ഉദ്യോഗസ്ഥർ തമ്മിലുള്ള വിശ്വാസിമില്ലായ്മ വീണ്ടുംവീണ്ടും ഓരോ സംഭവങ്ങളോടൊപ്പം പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ ഇത്തരത്തിലുള്ള ധാരാളം വിഷയങ്ങൾ വരുന്നു. ഏറ്റവും

ഒടുവിലത്തേതാണ് വിജിലൻസ് ഡി.ജി.പി-യുടെ പരാതി. അദ്ദേഹത്തിന്റെ ഫോൺ ചോർത്തിയെന്ന് അദ്ദേഹം തന്നെ പറയുമ്പോൾ, പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കാര്യങ്ങൾ മനസ്സിലാക്കാതെയാണ് അദ്ദേഹം സംസാരിച്ചതെന്ന് കണക്കാക്കാൻ കഴിയുകയില്ല. ഇത് വളരെ ഗൗരവമേറിയ ഒരു വിഷയമാണ്. ഇത് പോലീസ് സേനയ്ക്കുതന്നെ നാണക്കേടുണ്ടാക്കി വച്ചിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. ഉയർന്ന ഉദ്യോഗസ്ഥർ തമ്മിൽ ഐക്യമില്ലായ്മ വന്നാൽ അത് പോലീസ് സേനയുടെ പ്രവർത്തനങ്ങളെ എത്ര ഗുരുതരമായി ബാധിക്കുമെന്നത് ഗവൺമെന്റ് വിലയിരുത്തേണ്ടതായിട്ടുണ്ട്. ഈ കത്തിൽ യാഥാർത്ഥ്യമുണ്ടെങ്കിൽ, കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയത്തെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തേണ്ടത് അനിവാര്യംതന്നെയാണ്. ശ്രീ. ജേക്കബ് തോമസ്, വിജിലൻസ് ഡയറക്ടറായി പ്രവർത്തിക്കുന്നു. അദ്ദേഹത്തിന് വലിയ സ്വീകാര്യത ഗവൺമെന്റിൽ നിന്നും പൊതുസമൂഹത്തിൽ നിന്നുമുണ്ടെന്നത് പല സന്ദർഭങ്ങളിലും ഉയർന്നുവരുന്നു. അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥൻ ഇത് ആവർത്തിക്കുമ്പോൾ അത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറാകേണ്ടതാണ്. ഇത്തരം വിഷയങ്ങളിൽ ഗവൺമെന്റ്

വേണ്ടരീതിയിൽ ഇടപെട്ടില്ലെങ്കിൽ ഇവ ആവർത്തിക്കപ്പെടും. വളരെ ഗുരുതരമായ നിലയിൽ ആ വിഷയങ്ങൾ മാറിപ്പോകും. ഈ പ്രശ്നം ചർച്ച ചെയ്യേണ്ടത് അനിവാര്യമായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഈ വാക്കൗട്ടിൽ ഞാനും പങ്ക് ചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. എഫ്. തോമസ്: സർ, ഇത് ഗൗരവമുള്ള ഒരു വിഷയമായിരുന്നു. ഞാൻ വിചാരിച്ചു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഒരു ചർച്ച അനുവദിക്കുമെന്ന്. എന്താ ചർച്ച നടത്താത്തത്; എൽ.ഡി.എഫിന്റെ പ്രഖ്യാപിതമായ മുദ്രാവാക്യം 'അഴിമതിക്കെതിരായ ശക്തമായ നീക്കം' എന്നാണ്. അങ്ങനെയാണെങ്കിൽ അഴിമതിയെക്കുറിച്ച് പരിശോധിക്കാൻ നിഷ്പക്ഷമായ നിലപാട് ഈ ഗവൺമെന്റ് എടുക്കുന്നുവെന്ന തോന്നൽ വരണമെങ്കിൽ ഇങ്ങനെയൊരു ചർച്ച നല്ലതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണത്തിന് വിധേയരായ ആളുകളെക്കുറിച്ച് പറഞ്ഞു. ഈ ഗവൺമെന്റ് വന്നിട്ട് അഞ്ചുമാസം കഴിഞ്ഞു. ഇതുവരെ ഈ അന്വേഷണം ആർക്കെല്ലാം എതിരായി നടന്നു; അതൊക്കെ നടക്കുന്നുണ്ട്. വേണ്ടെന്നുവച്ച അന്വേഷണം വീണ്ടും എടുക്കുന്നു; സാക്ഷി വിസ്താരം

മുഴുവൻ പൂർത്തിയാക്കി നൂറിൽപരം സാക്ഷികളെ വിസ്തരിച്ചിട്ടും തെളിയാത്ത കേസ്സുകളെ വീണ്ടും പൊക്കിയെടുക്കുന്നു; അതൊക്കെ ചെയ്തോട്ടെ, ആരും അതിൽ ഇടപെട്ടില്ലല്ലോ? ഇപ്പോൾ അന്വേഷണത്തിന് വിധേയരാകുന്ന ആളുകളുടെ പട്ടിക നീണ്ടുനീണ്ട് ഭരണപക്ഷ സീറ്റുകളിലേയ്ക്ക് വന്നപ്പോൾ, ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട വശം അതാണ്. അന്വേഷണം അപ്പുറത്തേയ്ക്ക് കടന്നപ്പോൾ അന്നേരം എന്റെ ഫോൺ സംഭാഷണവും എന്റെ ഇ-മെയിലുകളും ചോർത്തുന്നുവെന്ന് ശ്രീ.ജേക്കബ് തോമസ് പറയുന്നു. ആ ഒറ്റ പോയിന്റാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇന്നലെകളിലൊന്നും ഇത് പറഞ്ഞില്ല. നാല് മാസം കഴിഞ്ഞു, യു.ഡി.എഫിന്റെ ഭരണകാലത്തുണ്ടായിരുന്ന മന്ത്രിമാരെക്കുറിച്ച് അന്വേഷിക്കുമെന്നല്ലേ പറയുന്നത്. അതൊക്കെ നടന്നോട്ടെ, ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു, ഞങ്ങൾക്കൊരു ഭയവുമില്ല, അന്വേഷിച്ചോളൂ, എത്രവേണമെങ്കിലും അന്വേഷിച്ചോളൂ. അഴിമതിക്കെതിരായി അതിശക്തമായ നിലപാടെടുക്കാൻ ഞങ്ങളൊക്കെ ഗവൺമെന്റിനോടൊപ്പം കാണും. ഇത് കേട്ട് ആരും ചിരിക്കണ്ട. എന്റെ പാർട്ടി, 1964-ൽ കേരള കോൺഗ്രസ്സ് പാർട്ടിയുണ്ടായത് അഴിമതിക്കെതിരായ പ്രഖ്യാപനവുമായിട്ടാണ്. നിങ്ങളാരും ഒന്നും വിചാരിക്കേണ്ട. അതിനുവേണ്ടി നിങ്ങളോടൊപ്പം ശക്തമായ നിലപാടെടുക്കാൻ ഞങ്ങളും കാണും. ഇത് പത്രങ്ങൾക്ക് ചോർത്തുന്നുവെന്ന് ഇവിടെ പറഞ്ഞല്ലോ? സാക്ഷികൾ

കൊടുക്കുന്ന മൊഴിവരെ വിജിലൻസിൽ നിന്നും അപ്പപ്പോൾ പത്രങ്ങളിൽ കൊടുക്കുമായിരുന്നു. ഇത് നിർഭാഗ്യകരമെന്ന് ഞങ്ങൾ മുഖ്യമന്ത്രിയോട് പറഞ്ഞു എന്നിട്ടും അത് അന്വേഷിച്ചില്ല. ഇപ്പോൾ ശ്രീ. ജേക്കബ് തോമസ് പരാതി കൊടുത്തു. അപ്പോൾ തന്നെ പേപ്പറിലും വന്നു. ആരെങ്കിലുമറിഞ്ഞോ എങ്ങനെ പത്രത്തിൽ വന്നുവെന്ന്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു പത്രവാർത്തയെന്ന്. ഈ പത്രവാർത്ത ഉണ്ടായതെങ്ങനെയാണ്; ആരാണ് ഇത് കൊടുത്തത്; ഇതിനുമുമ്പും കൊടുത്തത് ആരൊക്കെയാണ്; ഇതെല്ലാം അങ്ങ് ഒന്ന് അന്വേഷിക്കണം. ശ്രീ. ജേക്കബ് തോമസ്, ഡി.ജി.പി. റാങ്കിലുള്ള രണ്ടാമത്തെ ഉദ്യോഗസ്ഥനാണ്. അത് ഒരു ചെറിയ കാര്യമാണോ. അദ്ദേഹം ഈ സംസ്ഥാനത്തെ മുഴുവൻ ആളുകളുടെയും ശ്രദ്ധാകേന്ദ്രമായി ധാരാളം കാര്യങ്ങൾ ചെയ്യുന്നു. ഇത്രയും ഉത്തരവാദിത്തവും അറിവുമുള്ള ഒരാളിന്.... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഭംഗിയായി തീരുമാനിച്ചല്ലോ രാജ്യത്തിന്റെ സുരക്ഷ രാജ്യത്തിന്റെ അഖണ്ഡത, വലിയ കുറ്റകൃത്യങ്ങൾ വ്യാപിക്കുന്നതിനെതിരെയുള്ള നീക്കത്തിന്റെ ഭാഗമായിട്ടും.... ഇങ്ങനെ രണ്ടുമൂന്ന് കാര്യങ്ങളിൽ മാത്രമേ ഫോണുകളും ഇ-മെയിലുകളും ചോർത്താവൂ. അത് രാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടിയാണ്, ഇതൊക്കെ ശ്രീ. ജേക്കബ് തോമസിന് അറിയാൻ പാടില്ലേ; അദ്ദേഹത്തിന് നമ്മളെക്കാളൊക്കെ

അറിയാം. അങ്ങനെ അറിയാവുന്ന ഒരു ഉദ്യോഗസ്ഥന് പരാതിയുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചു. എങ്ങനെ ഈ പരാതി വന്നു; അത് ഇപ്പോൾ വന്നതിന് കാരണമെന്താണ്; അത്തരത്തിലുള്ള ന്യായമായ സംശയങ്ങൾ ഉയരുന്നുണ്ട്. ആ സംശയം മാറ്റണം, ഭരണകക്ഷിക്ക് അത് ആവശ്യമാണ്. എൽ.ഡി.എഫ്.-ന് അഴിമതിക്കെതിരായ ശക്തമായ നിലപാടുണ്ടെങ്കിൽ ഈ വിഷയം തുറന്ന സമീപനത്തോടുകൂടി ഇവിടെ ചർച്ച ചെയ്യാം. ആരെ വേണമെങ്കിലും പിടിച്ചോളൂ, ആരെ വേണമെങ്കിലും ശിക്ഷിച്ചോളൂ, എന്നാൽ മറ്റൊരിടത്തേയ്ക്ക് അന്വേഷണം മാറുമ്പോൾ...... തത്ത മാറിപ്പറക്കുമ്പോൾ, ഇതുവരെ തത്ത ഒരു വശത്തേയ്ക്കു മാത്രമാണ് പറന്നുകൊണ്ടിരുന്നത്. അത് എതിർവശത്തേയ്ക്ക് പറക്കാൻ തുടങ്ങിയപ്പോൾ നേരിട്ടാണെങ്കിലും അല്ലാതെയാണെങ്കിലും അതിനെ തടയരുത്. ആ തത്ത സ്വതന്ത്രമായി പറക്കട്ടെ, ഏത് മരക്കൊമ്പിലും അത് ചെന്നിരിക്കട്ടെ, ഇത് ഭരണപക്ഷമോ ഘടകകക്ഷിയോ കേരളാ കോൺഗ്രസ്സോ എവിടെ വേണമെങ്കിലും വന്നിരിക്കട്ടെ, പക്ഷേ അപ്പുറത്തേയ്ക്ക് വന്നടുക്കുന്നുവെന്ന് കണ്ടപ്പോൾ, അപ്പുറത്തേയ്ക്ക് വന്നിരിക്കരുതേ, എൽ.ഡി.എഫ്.-ലേയ്ക്ക് വന്നിരിക്കരുതേ എന്ന ഒരു സൂചന കൊടുക്കുന്നത് ഈ ഗവൺമെന്റ് പ്രഖ്യാപിച്ച മുഖമുദ്രയ്ക്ക് എതിരായിരിക്കും. അതുകൊണ്ട് ഒരു നല്ല ചർച്ച നടത്തുന്നത് നിങ്ങളുടെ സൽപ്പേരിനുതന്നെ നല്ലതാണ്.

അത് സ്വീകരിക്കാത്ത ഗവൺമെന്റ് സമീപനത്തിൽ പ്രതിഷേധിച്ച് കേരളാ കോൺഗ്രസ് പാർട്ടി വാക്കൗണ്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)